# ബി.ഇ.എം. എൽ.പി. സ്കൂൾ, മാനാഞ്ചിറ
# അക്കാദമിക് മാസ്റ്റർ പ്ലാൻ
# പരിസരപഠനം
# ക്ലാസ്സ് 3

**ആമുഖം**

കുട്ടി തന്റെ ഇടപാടുമായി നിരന്തരം ഇടപെട്ടുകൊണ്ട് ഇന്ദ്രിയ അനുഭവങ്ങളിലൂടെ പ്രകൃതി എന്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് മൂർത്തമായ ആശയങ്ങൾക്കും ചിന്തകൾക്കും പ്രാധാന്യം നല്കുന്നതാണ് പരിസര പഠന പാഠ്യപദ്ധതി. പ്രകൃതിദത്ത പരിസ്ഥിതി, മനുഷ്യനിർമിത പരിസ്ഥിതി, സാമൂഹ്യ പരിസ്ഥിതി, സാംസ്കാരിക പരിസ്ഥിതി ഇവയെല്ലാം പഠന വിഷയങ്ങളാണ്. പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ പരിസരത്തിനുവേണ്ടിയുള്ള പഠനമാണ് പരിസര പഠനം. പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്ന കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അലിവ്, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.

**ലക്ഷ്യം :**

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- കുട്ടികളെ വ്യത്തിശുചിത്വവും, പരിസര ശുചിത്വവുമുള്ളവരാക്കി മാറ്റുക.
- ശാസ്ത്ര വിഷയങ്ങളിൽ താൽപര്യവും അഭിരുചിയും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.

**പ്രവർത്തന പദ്ധതികൾ :**

ജൂൺ - ജൂലായ് (യൂണിറ്റ് 1 - ഹരിത ഭൂമി, യൂണിറ്റ് 2 - ജന്തു ലോകത്തിലേക്ക്)

- പ്രീടെസ്റ്റ്
- അനലോകനം
- പ്രകൃതി നടത്തം
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ
- പരിസ്ഥിതി ദിന പോസ്റ്റർ നിർമ്മാണം
- നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ

ജൂലായ് - ആഗസ്റ്റ് (യൂണിറ്റ് 2 - ജന്തു ലോകം)

**പ്രവർത്തനങ്ങൾ :**

- ജീവികളെ നിരീക്ഷിച്ച് പട്ടികപ്പെടുത്തൽ
- നിരിക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കൽ
- നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ